**File No.TCPCTP/3172/2019-C2**

**<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - പാലക്കാട് ജില്ല - തച്ചമ്പാറ ഗ്രാമപഞ്ചായത്ത് തച്ചമ്പാറ വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണം- ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തച്ചമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/09/2019 ലെ എ 2/3447/19, 23/01/2020 ലെ ബി1/3715/2019 നമ്പർ കത്തുകൾ.

2.പാലക്കാട് ജില്ലടൗൺപ്ലാനറുടെ 11/12/2019, 31/01/2020 തീയതികളിലെ TCPPKD/1384/2019/C നമ്പർ കത്തുകൾ.

---

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. **TCPCTP/3172/2019-C2** തീയതി:**19/02/2020**

---

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തച്ചമ്പാറ വില്ലേജിൽ സർവ്വേ നമ്പർ 25/8, 48/2, എന്നിവയിൽ ഉൾപ്പെട്ട 0.1753 ഹെക്ടർ സ്ഥലത്തു ആകെ 276.85 ച.മീ തറ വിസ്തീർണ്ണമുള്ള (Sales Office 68.85 ച.മീ+ Canopy Area 208 ച.മീ) പെട്രോൾപമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾമുഖേന ലഭ്യമാക്കിയ ശ്രീ.മുഹമ്മദ് ബഷീർ, അമ്പാട്ട് ഹൗസ്, മേലാറ്റൂർ, എടയാറ്റൂർ, മലപ്പുറം ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. വിഭാവനം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതം ആയിരിക്കണം.
2. വിഭാവന നിർമ്മാണ സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, വിസ്തീർണ്ണം, റവന്യൂ വിശദാംശങ്ങൾ എന്നിവ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിയ്ക്ക് ഹാനീകരമല്ലാത്ത രീതിയിൽ ഖര -ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളും കേരള പഞ്ചായത്ത് കെട്ടിട നിയമം 2011 ലെ റൂൾ 61 (16), 61 (17) എന്നിവ പ്രകാരമുള്ള സൗകര്യങ്ങളും മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കു വിധേയമായി സജ്ജീകരിക്കേണ്ടതാണ്.
4. ഫയർ ഫോർസ് അധികൃതരുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
5. വിഭാവന നിർമ്മാണ സ്ഥലം കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ആക്ട്

2008 നും തുടർന്ന് 2018 ലെ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.

6. നിയമാനുസൃത പാർക്കിംഗ് സംവിധാനം നിജപ്പെടുത്തി ക്രമപ്പെടുത്തേണ്ടതാണ്.
7. സാനിറ്റേഷൻ സൗകര്യങ്ങൾ നിയമാനുസൃതം നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷ സംവിധാനങ്ങൾ നൽകേണ്ടതാണ്.
9. ഈ നിർമ്മാണത്തിനാവശ്യമായ രേഖകളുടെ ആധികാരികത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
10. മേൽ നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട അധികൃതരിൽ നിന്ന് അനുമതികൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തി മാത്രം നിർമ്മാണാനുമതിയും ഒക്കുപ്പെൻസിയും നൽകേണ്ടതാണ്.
11. ജില്ലാ കളക്ടറുടെ നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതാണ്.
12. നിർമ്മാണം 1976 ലെ പെട്രോളിയം റൂൾസിന് അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :38/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

മുഖ്യ നഗരാസൂത്രകയുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

സെക്രട്ടറി, തച്ചമ്പാറ ഗ്രാമപഞ്ചായത്ത്, പാലക്കാട്–678593

പകർപ്പ്:-

1. ശ്രീ. മുഹമ്മദ് ബഷീർ. എ, അമ്പാട്ട് ഹൗസ്, എടയാട്ടൂർ പി.ഒ മേലാറ്റൂർ, പെരിന്തൽമണ്ണ, മലപ്പുറം–679326
2. ടൗൺ പ്ലാനർ, പാലക്കാട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം